റോഡ് പുറംപോക്കിൽ താമസിക്കുന്നവർ

21 (2779) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. എച്ച് മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ് പുറംപോക്ക് കൈയ്യേറി എത്ര പേർ വീട് നിർമ്മിച്ച് താമസിച്ചുവരുന്നു ;

(ബി) ഇവരെ ഒഴിപ്പിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ ;

(സി) ഒഴിപ്പിക്കുമ്പോൾ ഇവർക്ക് പകരം ഭൂമി നൽകുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പതിച്ച് നൽകിയ സർക്കാർ പുറംപോക്ക് ഭൂമി

22 (2780) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും സംഘടനകൾക്കോ വ്യക്തികൾക്കോ സർക്കാർ പുറംപോക്ക് ഭൂമി പതിച്ച് കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കൊക്കെ, എത്രയൊക്കെ, എവിടെയൊക്കെ ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കൈവശഭൂമി പതിച്ച് നൽകൽ നടപടി

23 (2781) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമി കൈവശക്കാർക്ക് നാളിതുവരെ പതിച്ച് നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly